2023
NOVEMBER
18
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## മുഖ്യമന്ത്രിയുടെ സമൂഹമാധ്യമ ടീമിന്റെ കാലാവധി നീട്ടി; പ്രതിവർഷം ശമ്പളത്തിനായി ചെലവിടുന്നത് 80 ലക്ഷം



**തിരുവനന്തപുരം:** മുഖ്യമന്ത്രിയുടെ സമൂഹമാധ്യമ ഹാൻഡിലുകൾ നിയന്ത്രിക്കുന്ന സമൂഹമാധ്യമ ടീമിന്റെ പ്രവർത്തന കാലാവധി നീട്ടി. ഒരു വർഷത്തേക്കാണ് 12 പേരടങ്ങുന്ന സംഘത്തിന്റെ കരാർ നീട്ടിയത്. ഇവർക്കായി പ്രതിവർഷം 80 ലക്ഷം രൂപയാണ് ശമ്പളത്തിനായി ചെലവിടുന്നത്.

മുഖ്യമന്ത്രിയുടെ സാമൂഹികമാധ്യമ ഹാൻഡിലുകളുടെ പ്രവർത്തനം മുടങ്ങാതിരിക്കാനും, ഹാൻഡിലുകളുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനെന്നും ചൂണ്ടിക്കാട്ടിയാണ് കരാർ പുതുക്കിയത്. ഇതുസംബന്ധിച്ച് ഇൻഫർമേഷൻ ആന്റ് പബ്ലിക്ക്റിലേഷൻസ് വകുപ്പാണ് 16ാം തീയതി മുതൽ കാലാവധി നീട്ടി ഉത്തരവിറക്കിയത്. ടീം ലീഡർ, കണ്ടന്റ് മാനേജർ, സീനിയർ വെബ് അഡ്മിനിസ്ട്രേറ്റർ, സോഷ്യൽ മീഡിയ കോഓർഡിനേറ്റർ തുടങ്ങിയവാണ് സംഘത്തിലുള്ളത്. ഇതിനായി ടീമിനെ നിയമിച്ചത് മുൻപ് വിവാദമായിരുന്നു. പിആർഡിയിലും, സിഡിറ്റിലും സംവിധാനങ്ങളുള്ളപ്പോൾ പുതിയ സംഘത്തെ നിയമിക്കണോയെന്നാണ് ചോദ്യം ഉയർന്നിരുന്നത്. എന്നാൽ, ഇതിനായി പ്രാവീണ്യമുള്ള ആളുകളെ ആവശ്യമുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് പുതിയ സംഘത്തെ നിയമിച്ചത്.

മുഖ്യമന്ത്രിയുടെ സാമൂഹികമാധ്യമ ഹാൻഡിലുകൾ വളരെയധികം സജ്ജീവമായിട്ടുള്ളതാണ്. അവയുടെ പ്രത്യേകമായിട്ടുള്ള സ്വഭാവം പ്രവർത്തനം മുടങ്ങാതെ മുന്നോട്ടുകൊണ്ടുപോകുക എന്ന ലക്ഷ്യത്തിലാണ് നിയമനം നീട്ടിയത്.



## ജമ്മുകശ്മീരിലെ കുൽഗാമിൽ ഏറ്റുമുട്ടൽ; അഞ്ച് ഭീകരരെ സൈന്യം കൊന്നു

**ശ്രീനഗർ:** ജമ്മു കശ്മീരിലെ കുൽഗാമിലുണ്ടായ ഏറ്റുമുട്ടലിൽ അഞ്ച് ഭീകരരെ സൈന്യം കൊന്നു. ലഷ്കർ ഭീകരരാണ് കൊല്ലപ്പെട്ടത്. ആയുധങ്ങൾ പിടിച്ചെടുത്തുവെന്നും ഭീകരർക്കായുള്ള തിരച്ചിൽ തുടരുകയാണെന്നും സൈന്യം അറിയിച്ചു.

പ്രദേശത്ത് രണ്ട് ഭീകരർ ഒളിച്ചിരിക്കുന്നതായുള്ള വിവരം ലഭിച്ചതിനെ തുടർന്നാണ് സൈന്യവും ജമ്മു കശ്മീർ പൊലീസും കുൽഗാമിലേക്ക് ഇന്നലെ ഉച്ചയോടെ എത്തിയത്. ഏറ്റുമുട്ടൽ ആരംഭിച്ചതോടെ വൈകിട്ടോടെ കൂടുതൽ സേന എത്തുകയായിരുന്നു. ഇന്നലെ വൈകിട്ടോടെ മൂന്നു പേരെ വധിച്ചുവെന്ന് സൈന്യം അറിയിച്ചു.

കഴിഞ്ഞ ദിവസം ബാരാമുള്ളയിലെ ഉറി സെക്ടറിൽ നിയന്ത്രണരേഖവഴി നുഴഞ്ഞുകയറാൻ ശ്രമിച്ച രണ്ട് ഭീകരരെയും കരസേന കൊന്നിരുന്നു. വൻ ആയുധശേഖരവും ഇവരിൽനിന്ന് പിടിച്ചെടുത്തു. കുൽഗാമിൽ കൂടുതൽ ഭീകരർ ഒളിച്ചിരിക്കുന്നുണ്ടെന്നും ഏറ്റുമുട്ടൽ തുടരുകയാണെന്നും സൈന്യം അറിയിച്ചു.

# ഇന്ത്യയുടെ വളർച്ച മുന്നോട്ട്

## ചൈനയ്ക്ക് ബദൽ ഇന്ത്യ മാത്രം



**കൊച്ചി:** സേവന, ധനകാര്യ മേഖലകളിലെ മികച്ച പ്രകടനത്തിൻറെ കരുത്തിൽ അടുത്ത രണ്ടു സാമ്പത്തിക വർഷങ്ങളിൽ ഇന്ത്യയുടെ വളർച്ച ശക്തമായി മുന്നോട്ടുപോകുമെന്ന് പ്രമുഖ ആഗോള ധനകാര്യ എസ് ആൻഡ് പി ഗ്ലോബൽ.

ചൈനയ്ക്ക് ബദലായുള്ള ഉത്പാദന കേന്ദ്രമായി ഇന്ത്യ മാറാനുള്ള സാധ്യതയും സാമ്പത്തിക രംഗത്ത് വൻ പ്രതീക്ഷ സൃഷ്ടിക്കുന്നു. കൊവിഡ് രോഗ വ്യാപനത്തിനുശേഷം പാശ്ചാത്യ രാജ്യങ്ങളിലെ കമ്പനികൾക്ക് ചൈനപ്പേടി കൂടിയതോടെ അവിടെ നിന്നും വലിയ തോതിൽ വ്യവസായ നിക്ഷേപം ഇന്ത്യയിലേക്ക് ഒഴുകുകയാണ്. കമ്പനികളുടെ പ്രവർത്തനക്ഷമത കൂടുന്നതും സ്ട്രക്ച്ചറൽ മാറ്റങ്ങളും റിസ്ക് നേരിടാനുള്ള ശേഷി കൂടുന്നതും ഇന്ത്യയുടെ അനുകൂല ഘടകങ്ങളാണെന്ന് എസ് ആൻഡ് പി ചൂണ്ടിക്കാട്ടുന്നു.

ഏപ്രിൽ ജൂൺ കാലയളവിൽ ആഭ്യന്തര മൊത്തം ഉത്പാദനത്തിൽ (ജിഡിപി) 7.8 ശതമാനം വളർച്ച നേടിയതിനൊപ്പം രാജ്യത്തെ ഓഹരി, വാഹന, മാനുഫാക്ച്ചറിങ് മേഖലകൾ ഉണർവും അനുകൂല ഘടകമാണ്. കഴിഞ്ഞ മാസം രാജ്യത്തെ ചരക്ക് സേവന നികുതി (ജിഎസ്ടി) വരുമാന സമാഹരണം 1.6 ലക്ഷം കോടി രൂപയ്ക്ക് മുകളിലെത്തിയിരുന്നു.

ഇതോടൊപ്പം രാജ്യത്തെ ഉത്സവ കാലത്തിൽ വാഹന വിപണിയിൽ മികച്ച ഉണർവാണ് ദൃശ്യമായത്. പ്രമുഖ വാഹന നിർമാണ കമ്പനികളെല്ലാം കഴിഞ്ഞ മാസം മികച്ച വിൽപ്പന കൈവരിച്ചിരുന്നു. മാനുഫാക്ച്ചറിങ് മേഖലയിലും ഉത്പാദന ഉണർവ് ദൃശ്യമാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

രാജ്യാന്തര വിപണിയിൽ അസംസ്കൃത എണ്ണയുടെ വില കുറഞ്ഞതോടെ ഇന്ത്യയിലും ഇന്ധന വില സൂചിക താഴുമെന്നാണ് പ്രതീക്ഷ. നാണയപ്പെരുപ്പ സമ്മർദം ഒഴിവാകുമെന്നും സർക്കാർ വൃത്തങ്ങൾ ചൂണ്ടിക്കാട്ടുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ജിഡിപി വളർച്ച 6.7 ശതമാനമായി ഉയരുമെന്നാണ് പ്രമുഖ രാജ്യാന്തര ധനകാര്യ ഏജൻസിയായ മൂഡീസ് പ്രവചിക്കുന്നത്. നേരത്തെ 5.5 ശതമാനം വളർച്ച ഇന്ത്യ നേടുമെന്നാണ് മൂഡീസ് വിലയിരുത്തിയിരുന്നത്.





# വല്ലാർപാടം പള്ളിയുടെ മഹാജൂബിലി ആഘോഷങ്ങൾക്ക് നാളെ തിരി തെളിയും

**കൊച്ചി:** ചരിത്ര പ്രസിദ്ധമായ വല്ലാർപാടം പള്ളിയുടേയും പരിശുദ്ധ വല്ലാർപാടത്തമ്മയുടെ അങ്ങുത ചിത്ര സ്ഥാപനത്തിന്റേയും അഞ്ഞൂറ് വർഷം പൂർത്തിയാകുന്ന മഹാ ജൂബിലി ആഘോഷങ്ങൾക്ക് നാളെതിരി തെളിയും. വൈകീട്ട് 3.30 ന് വല്ലാർപാടം പഴയ പള്ളി പരിസരത്ത് നിന്ന് ആരംഭിക്കുന്ന വർണ്ണാഭമായ ജൂബിലി വിളംബര റാലി, ഹൈബി ഈഡൻ എം.പി. ഉത്ഘാടനം ചെയ്യും.

വിശുദ്ധരുടെ വേഷം ധരിച്ചവർ, പരമ്പരാഗത വസ്ത്രധാരികൾ, വിവിധ കലാരൂപങ്ങൾ, നിശ്ചല ദൃശ്യങ്ങൾ, എന്നിവ അണിനിരക്കുന്ന റാലി, കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ. ഫ്ലാഗ് ഓഫ് ചെയ്യും. ചടങ്ങിൽ മുളവുകാട് പഞ്ചായത്ത് പ്രസിഡണ്ട് വി.എസ്.അക്ബർ അധ്യക്ഷനായിരിക്കും.ഗോശ്രീ റോഡ് വഴി റാലി ബസിലിക്കയിലെത്തുമ്പോൾ വരാപ്പുഴ അതിരൂപത മെത്രാപ്പോലിത്ത അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിലിന്റെ നേതൃത്വത്തിൽ വിശ്വാസ സമൂഹം ജൂബിലി കവാടത്തിലൂടെ ദേവാലയത്തിനകത്ത് പ്രവേശിക്കുകയും തുടർന്ന് ജൂബിലി നാളം തെളിച്ച് ആഘോഷ പരിപാടികളുടെ ഉത്ഘാടനം നിർവ്വഹിക്കുകയും ചെയ്യും.

ആർച്ച്ബിഷപ്പിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്ന ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലിയെ തുടർന്ന് ജൂബിലി സ്മാരകമായി നിർമ്മിക്കുന്ന നിത്യാരാധനാലയത്തിന്റെ അടിസ്ഥാന ശിലയുടെ വെഞ്ചിരിപ്പും, കൃതജ്ഞത ഗാനത്തിന്റെ പ്രകാശനവും ആർച്ച്ബിഷപ്പ് നിർവ്വഹിക്കും.

ഒരു വർഷം നീണ്ടു നില്ക്കുന്ന തിരുസ്വരൂപ പ്രയാണത്തിനും അന്നേദിനം ആരംഭം കുറിക്കും. ഇടവകയിലെഎല്ലാ ഭവനങ്ങളിലേക്കുമുള്ള ജൂബിലി പതാകകൾ ആശീർവദിച്ചു നല്കും.

ഫാ. ഐസക് കുരിശിങ്കൽ വചനപ്രഘോഷണകർമ്മം നിർവ്വഹിക്കും.മഹാജൂബിലിയുടെ ഭാഗമായി ആധ്യാത്മിക സാംസ്കാരിക പരിപാടികൾക്ക് പുറമേ, വിവിധ ചരിത്ര സെമിനാറുകൾ, അടിസ്ഥാന സൗകര്യ വികസനം, സാധുജന സേവനം, യുവജനക്ഷേമം എന്നിവയ്ക്ക് ഊന്നൽ നല്കിയുള്ള പദ്ധതികൾ നടന്നു വരുന്നതായി ബസിലിക്ക റെക്ടർ ഫാ.ആന്റണി വാലുങ്കൽ, ജനറൽ കൺവീനർ പീറ്റർ കൊറയ എന്നിവർ അറിയിച്ചു

# സപ്ലൈകോ: സബ്സിഡി പുനഃക്രമീകരിക്കും

**തിരുവനന്തപുരം:** സപ്ലൈകോ വില്പനശാലകളിൽ നിലവിൽ നൽകുന്ന സബ്സിഡി പുനഃക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ അനിലിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു.

2016 മെയ് മുതൽ 13 ആവശ്യസാധനങ്ങൾ വിലവർദ്ധനവ് ഇല്ലാതെ നല്കുന്നുണ്ട്. ഈ ഇനങ്ങൾ വിപുലപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതും അളവിലും വിലയിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നും ഉൾപ്പെടെയുള്ള കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ഭക്ഷ്യ വകുപ്പ് സെക്രട്ടറി കെ. അജിത് കുമാർ, സപ്ലൈകോ സി.എം.ഡി ശ്രീറാം വെങ്കിട്ടരാമൻ, പ്ലാനിംഗ് ബോർഡ് അംഗം ഡോ. കെ. രവിരാമൻ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തി. സമിതി 15 ദിവസത്തിനകം ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കും.

# ഹോമിയോ മെഡിക്കൽ കോളജിൽ താത്കാലിക നിയമനം

**തിരുവനന്തപുരം:** ഐരാണിമുട്ടത്തുള്ള സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽകോളജ് ആശുപത്രി വികസന സമിതിയുടെ കീഴിൽ ഡെന്റിസ്റ്റ്, ഫാർമസിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, ഡെന്റൽ ഹൈജീനിസ്റ്റ്, സ്പൈറോമെട്രിസ്റ്റ് തസ്തികകളിൽ താത്കാലിക ദിവസവേതന ജീവനക്കാരെ നിയമിക്കും. അപേക്ഷകർ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ സ്ഥിര താമസക്കാരായിരിക്കണം. നിയമനം, വേതനനിരക്ക് എന്നിവ ആശുപത്രി വികസന സമിതിയുടെ അതാത് കാലങ്ങളിലെ തീരുമാനത്തിന് വിധേയമായിരിക്കും.

ഉദ്യോഗാർത്ഥികൾ സ്വന്തമായി തയ്യാറാക്കിയ ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്, പ്രവൃത്തി പരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഡിസംബർ അഞ്ചിനു വൈകിട്ട് മൂന്നിന് മുൻപായി സെക്രട്ടറി/ ആശുപത്രി സൂപ്രണ്ട്, സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽകോളേജ് ആശുപത്രി വികസന സമിതി, ഐരാണിമുട്ടം, മണക്കാട്695009, തിരുവനന്തപുരം എന്ന വിലാസത്തിലോ നേരിട്ടോ എത്തിക്കണം.

# പ്ലേസ്മെന്റ് ഡ്രൈവ് 28 ന്

**തിരുവനന്തപുരം:** കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്റർ 28 ന് രാവിലെ 10 മുതൽ സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കും. ബെറ്റർ ബീൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കിങ്ഫിഷർ എഡ്യുക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ്, എമ്പയർ മോട്ടോഴ്സ് എന്നീ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ബി.ടെക്, ഡിപ്ലോമ, ഡിഗ്രി, +2, എസ്.എസ്.എൽ.സി യോഗ്യതയുള്ള ഉദ്യോഗാർഥികൾക്കാണ് അവസരം. ഉദ്യോഗാർഥികൾ 27 ന് ഉച്ചക്ക് 1 മണിക്ക് മുൻപ് https://bit.ly/49yaE6p എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യണം.

# വ്യോമയാന മേഖലയുടേത് വൻ വളർച്ച; ഇന്ത്യയിൽ ഇനിയും ഉയരേണ്ടതുണ്ട്

**കൊച്ചി:** വ്യോമയാന മേഖലയുടെ വളർച്ച ഇന്ത്യയിൽ ഇനിയും ഉയരേണ്ടതുണ്ടെന്ന് എയർഏഷ്യ ഗ്രൂപ്പ് സൗത്ത് ഏഷ്യ ജനറൽ മാനേജർ സുരേഷ് എസ് നായർ.കേരള മാനേജ്മെന്റ് അസോസിയേഷന്റെ ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയിൽ ഇന്ത്യൻ വ്യോമയാന മേഖലയുടെ കഴിഞ്ഞ നാൽപ്പത് വർഷത്തെ കാഴ്ചപ്പാടുകളും അനുഭവങ്ങളും എന്ന വിഷയത്തിലായിരുന്നു പ്രഭാഷണം.വ്യോമയാന എയർലൈൻ ബിസിനസ് രംഗമെന്നത് ഭൂരിപക്ഷം പേർക്കും താത്പര്യമുണ്ടാകും.

അവരിൽ പലർക്കും വിമാനത്തിൽ യാത്ര ചെയ്ത പരിചയം പോലുമുണ്ടാകില്ലെന്നതാണ് കൗതുകകരം. എങ്കിലും അവർ എയർലൈൻ ബിസിനസിനെ കുറിച്ച് അറിവുകളുണ്ടാക്കിയിട്ടുണ്ടാകും. വെല്ലിംഗ്ടൺ ഐലന്റിലെ വിമാനത്താവളത്തിൽ നിന്നും നിന്നും




ബോംബെയിലേക്ക് രണ്ട് വിമാനങ്ങളാണ് തന്റെ തൊഴിൽ ആരംഭത്തിൽ പറന്നിരുന്നത്.

അക്കാലത്ത് ഭാരത് കോഫി ഹൗസിന് സമീപത്തെ ഇന്ത്യൻ എയർലൈൻസ് ഓഫീസിൽ വലിയൊരു റെക്കോർഡ് ബുക്ക് സൂക്ഷിച്ചിരുന്നു. അതിൽ എല്ലാ യാത്രക്കാരുടേയും വിവരങ്ങൾ ഉണ്ടാവുകയും ചെയ്യും.

36 പേർക്ക് യാത്ര ചെയ്യാവുന്ന വിമാനമാണെങ്കിലും 26 പേരെ മാത്രമേ യാത്ര ചെയ്യാൻ അനുവദിച്ചിരുന്നുള്ളു. കാലാവസ്ഥയുടെ പ്രശ്നങ്ങളോ മറ്റു കാര്യങ്ങളോ കൊണ്ടാണ് മുഴുവൻ സീറ്റുകളിലും യാത്രക്കാരെ അനുവദിക്കാതിരുന്നത്.

വി ഐ പികളും യാത്ര ചെയ്യാനുണ്ടാകും. അക്കാലത്ത് എല്ലാ സമയത്തും നൂറിലേറെ യാത്രക്കാരുടെ പേരുകൾ വെയിറ്റിംഗ് ലിസ്റ്റിലുണ്ടാകും.രണ്ട് വിമാനങ്ങളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ കൊച്ചിയിൽ നിന്നും പ്രതിദിനം നൂറിലേറെ വിമാനങ്ങളാണ് ഇരുപതിലേറെ രാജ്യങ്ങളിലായി 125ലേറെ കേന്ദ്രങ്ങളിലേക്ക് പതിനയ്യായിരത്തോളം പേരാണ് യാത്ര ചെയ്യുന്നത്.

വ്യോമയാന മേഖലയും എയർലൈൻ രംഗവും എത്രമാത്രം വളർന്നിരിക്കുന്നുവെന്നതിന് തെളിവാണിത്.

എന്നാലിപ്പോഴും ഇന്ത്യയുടെ യാത്രാ കമ്പോളത്തിന് അനുയോജ്യമായ തരത്തിൽ രാജ്യത്തെ വ്യോമയാന രംഗത്ത് യാത്രക്കാരുടെ എണ്ണത്തിൽ വളർച്ചയുണ്ടായിട്ടില്ല.

വ്യോമയാന മേഖലയിലേക്ക് താൻ കടക്കുന്ന കാലത്ത് കേരളം ദൈവത്തിന്റെ സ്വന്തം നാടാവുകയോ ടൂറിസത്തിന് പ്രാധാന്യം നൽകുകയോ ചെയ്തിരുന്നില്ല. അതുകൊണ്ടുതന്നെ തന്റെ പിതാവ് പോലും എന്തിനാണ് ഈ മേഖലയിൽ തൊഴിലിന് ശ്രമിക്കുന്നതെന്ന് ചോദിച്ചിരുന്നതായി സുരേഷ് എസ് നായർ പറഞ്ഞു.

കെ എം എ പ്രസിഡന്റ് എ ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കമ്മിറ്റി ചെയർമാൻ കെ ഹരികുമാർ സ്വാഗതവും ഹോണററി സെക്രട്ടറി ദിലീപ് നാരായണൻ നന്ദിയും പറഞ്ഞു.

# ഡയബറ്റിക് റെറ്റിനോപ്പതി : ബോധവൽക്കരണ പ്രവർത്തനങ്ങളുമായി സീസ് ഗ്രൂപ്പ്

**കൊച്ചി:** നാഷണൽ ഡയബറ്റിക് നേത്രരോഗ ബോധവൽക്കരണ മാസാചരണത്തോടനുബന്ധിച്ച് ഇന്ത്യയിലെ സീസ് ഗ്രൂപ്പ് മെഡിക്കൽ ടെക്നോളജി (എംഇഡി) ഡിവിഷനുമായി ചേർന്ന് പ്രമേഹ നേത്രരോഗങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രശ്നങ്ങളെ ചെറുക്കുന്നതിൽ ബോധവൽക്കരണവുമായി രംഗത്ത്.

2023ൽ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ഇന്ത്യ ഡയബറ്റിസ് (കഇങഞ കചഉകഅആ) പഠനം റിപ്പോർട്ട് ചെയ്തതനുസരിച്ച് 10.1 കോടി കേസുകളുമായി, ആഗോളതലത്തിൽ ഇന്ത്യ പ്രമേഹത്തിന്റെ കാര്യത്തിൽ മുൻപന്തിയിലാണെന്ന് സീസ് ഗ്രൂപ്പ് അധികൃതർ വ്യക്തമാക്കുന്നു.

ഡയബറ്റിക് റെറ്റിനോപ്പതിയുടെ പ്രശ്നം പരിഹരിക്കുന്നതിനും അത്യാധുനിക സാങ്കേതികവിദ്യയിലൂടെ പ്രമേഹബാധിതരായ വ്യക്തികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും സീസ് മെഡിക്കൽ ടെക്നോളജി വിഭാഗം പ്രതിജ്ഞാബദ്ധമാണ്. നേരത്തേ കണ്ടെത്തുന്നതിലും നിരീക്ഷണത്തിലും സീസ് റെറ്റിന വർക്ക്ഫ്ലോ ഒരു പ്രധാന പങ്ക് വഹിക്കുന്നു. വിലയിരുത്തൽ, പഠനം, ആസൂത്രണം, ചികിത്സ, പരിശോധന എന്നിങ്ങനെ വിവിധ ഘട്ടങ്ങളാണ് ഇതിൽ ഉൾപ്പെടുന്നതെന്നും അധികൃതർ വ്യക്തമാക്കുന്നു.

പ്രമേഹത്തിന്റെ സങ്കീർണതയായ ഡയബറ്റിക് റെറ്റിനോപ്പതി (ഡിആർ) കാഴ്ച നഷ്ടപ്പെടാനുള്ള പ്രധാന കാരണമാണ്. പ്രമേഹമുള്ളവരിൽ അഞ്ചിൽ ഒരാൾക്ക് ഒരു പരിധിവരെ ഡയബറ്റിക് റെറ്റിനോപ്പതി ഉണ്ട്, ഇത് ഇന്ത്യയിൽ 13 ദശലക്ഷം ആളുകളെ ബാധിക്കുന്നു, 6.5 ദശലക്ഷം ആളുകൾ ഡിആർന്റെ കാഴ്ചഭീഷണി രൂപത്തെ അഭിമുഖീകരിക്കുന്നു. ഈ സ്ഥിതിവിവരക്കണക്കുകൾ ഡിആർ ഫലപ്രദമായി രോഗനിർണ്ണയത്തിനും കൈകാര്യം ചെയ്യുന്നതിനുമുള്ള നൂതന സാങ്കേതികവിദ്യയുടെ അടിയന്തരാവസ്ഥ ഉയർത്തിക്കാട്ടുന്നു.40 വയസ്സിന് മുകളിലുള്ള ആളുകൾക്ക് ലോകമെമ്പാടും പ്രമേഹം വളരെ സാധാരണമായ ഒരു പ്രശ്നമായി മാറിയിരിക്കുന്നു. ഇത് കാര്യമായ കാഴ്ച പ്രശ്നങ്ങൾക്ക് കാരണമാകുന്നു, ഈ പ്രമേഹരോഗികളിൽ ഭൂരിഭാഗവും സ്ഥിരമായി കാഴ്ച നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട്. ഡയബറ്റിക് റെറ്റിനോപ്പതി ഒരു കണ്ണിന്റെ റെറ്റിനയ്ക്ക് സ്ഥിരമായ ക്ഷതം ആണ്. ഒരു നേത്രരോഗവിദഗ്ദ്ധൻ എന്ന നിലയിൽ, ഡയബറ്റിക് റെറ്റിനോപ്പതി അതിന്റെ പ്രാരംഭ ഘട്ടത്തിൽ കണ്ടുപിടിക്കാൻ അവരുടെ നേത്രാരോഗ്യം പതിവായി പരിശോധിക്കാൻ താൻ എപ്പോഴും എന്റെ രോഗികളെ ഉപദേശിക്കുന്നുണ്ടെന്ന് ഡോ. ഗോപാൽ എസ്.പിള്ള പറയുന്നു.




## ശ്രീനാരായണ ധർമ്മ സമാജം സുവർണ ജൂബിലി സമാപനം 19 ന്

**കൊച്ചി:** അയ്യപ്പൻകാവ് ശ്രീനാരായണ ധർമ്മ സമാജം സുവർണജൂബിലി ആഘോഷങ്ങളുടെ സമാപനം നവംബർ 19 ന് നടക്കും. വൈകിട്ട് നാലിന് അയ്യപ്പൻകാവ് ക്ഷേത്ര മൈതാനിയിൽ നടക്കുന്ന സമാപന ചടങ്ങ് നടൻ പത്മശ്രീ ജയറാം ഉദ്ഘാടനം ചെയ്യും. എസ് എൻ ഡി സമാജം പ്രസിഡന്റ് സി.എം ശോഭനൻ അധ്യക്ഷത വഹിക്കും. മുൻ കേന്ദ്രമന്ത്രി പ്രൊഫ.കെ.വി തോമസ് മുഖ്യപ്രഭാഷണം നടത്തും. ഹൈബി ഈഡൻ എം.പി മുഖ്യാതിഥിയാകും.

മേയർ എം.അനിൽകുമാർ, കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ, ടി.ജെ വിനോദ് എം എൽ എ എന്നിവർ വിശിഷ്ടാതിഥികളാകും. എസ് എൻ ഡി പി യോഗം കണയന്നൂർ യൂണിയൻ കൺവീനർ എം.ഡി അഭിലാഷ്, കൗൺസിലർമാരായ മിനി ദിലീപ്, കാജൽ സലിം എന്നിവർ സംസാരിക്കും. സമാജം സെക്രട്ടറി പി.ഐ രാജീവ് സ്വാഗതവും അസി.സെക്രട്ടറി എ.പി രഘുനന്ദൻ നന്ദിയും പറയും. സമാജം രൂപീകൃതമായ കാലം മുതലുള്ള പ്രസിഡന്റ് സെക്രട്ടറി, 80 വയസ് കഴിഞ്ഞ സമാജം അംഗങ്ങൾ എന്നിവരെ ചടങ്ങിൽ ആദരിക്കും. തുടർന്ന് ഫ്യൂഷൻ സംഗീത സന്ധ്യ ഉണ്ടായിരിക്കുന്നതാണ്.തൃക്കണാർവട്ടം ദേശത്ത് നിലനിന്നിരുന്ന സ്വധർമ്മ പരിപോഷിണി യോഗവും തീയ്യ സമുദായവും ഒന്നായി തീർന്ന 1972 ൽ രൂപം കൊണ്ടതാണ് ശ്രീനാരായണ ധർമ്മസമാജം. ആരംഭ കാലത്ത് ഒരു ലോവർ പ്രൈമറി സ്കൂളും ചെറിയ ഒരു ക്ഷേത്രവും കൈമുതലായി ഉണ്ടായിരുന്ന ധർമ്മ സമാജത്തിനു ഇന്ന് അയ്യപ്പൻകാവ് ക്ഷേത്രം, എസ് .എൻ സ്കൂൾ, എസ് എൻ ഹയർ സെക്കൻഡറി സ്കൂൾ, ഇംഗ്ലീഷ് മീഡിയം സ്കൂൾ, വാണിജ്യ മന്ദിരം. ഈരേഴത്ത് ഹാൾ, ഓഡിറ്റോറിയം, എന്നിവ സ്വന്തമായുണ്ട്.




# ലുലു ബ്യൂട്ടി ഫെസ്റ്റിന് നവംബർ 22 ന് തുടക്കമാകും; രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി :** ഫാഷൻ ലോകത്തെ വേറിട്ട പരീക്ഷണങ്ങളും, മേക്ക് ഓവർ ആശയവും റാംപിലെത്തിയ്ക്കുന്ന ലുലു ബ്യൂട്ടി ഫെസ്റ്റിൻറെ പുതിയ പതിപ്പിന് നവംബർ 22ന് ലുലു മാളിൽ തുടക്കമാകും. ലോറിയൽ, ഗാർണിയർ തുടങ്ങിയ പ്രമുഖ ബ്രാൻഡുകൾ ചേർന്നാണ് ലുലു ബ്യൂട്ടി ഫെസ്റ്റ് 2023 അവതരിപ്പിയ്ക്കുന്നത്.മാളിൽ നടന്ന ചടങ്ങിൽ ഫെസ്റ്റിൻറെ ലോഗോ പ്രകാശനം സിനിമതാരങ്ങളായ ഷൈൻ ടോം ചാക്കോ, റോഷൻ മാത്യു, കൈലാഷ് എന്നിവർ ചേർന്ന് നിർവ്വഹിച്ചു.ലുലു ഗ്രൂപ്പ് ഇന്ത്യ സിഒഒ രജിത് രാധാകൃഷ്ണൻ, കൊമേഴ്സ്യൽ മാനേജർ സാദിഖ് കാസിം, റീട്ടെയ്ൽ ഡെപ്യൂട്ടി ജനറൽ മാനേജർ ജോ പൈനേടത്ത് ജോഷി, ഹെൽത്ത് ആൻഡ് ബ്യൂട്ടി ബയർ രേഖ എൻ.പി, ഓപ്പറേഷൻസ് മാനേജർ ഒ.സുകുമാരൻ തുടങ്ങിയവർ സംബന്ധിച്ചു.

ബ്യൂട്ടി ക്വീൻ, മാൻ ഓഫ് ദ ഇയർ പട്ടങ്ങൾക്കായാണ് മത്സരാർത്ഥികൾ ലുലു ബ്യൂട്ടി ഫെസ്റ്റിൽ മാറ്റുരയ്ക്കുക. ബ്യൂട്ടി ക്യൂനിനും, മാൻഓഫ് ദ ഇയറിനും ഒരു ലക്ഷം രൂപ വീതം സമ്മാനം ലഭിയ്ക്കും. 18നും 25 വയസ്സിനുമിടയിലുള്ള ആർക്കും പങ്കെടുക്കാം. ംംം.ഹൗഹൗയലമ ൗ്യേളലെ.ശി എന്ന വെബ്സൈറ്റിലൂടെയാണ് രജിസ്റ്റർ ചെയ്യേണ്ടത്. പ്രമുഖ കോറിയോഗ്രാഫർമാർ, സ്റ്റൈലിസ്റ്റുകൾ ഉൾപ്പെടെയുള്ളവർ മത്സരാർത്ഥികൾക്ക് പരിശീലനം നൽകും. ആദ്യ മൂന്ന് ദിവസത്തെ റൗണ്ടുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർ ഡിസംബർ 3ന് നടക്കുന്ന ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരയ്ക്കും. മേക്ക് ഓവർ, റാംപ് വാക്ക്, ചോദ്യോത്തര സെഷനുകളിലെ പ്രകടനം എന്നിവയാണ് ബ്യൂട്ടി ഫെസ്റ്റിലെ വിജയികളെ നിർണ്ണയിക്കുക.




## തൃശൂർ ഇൻഫോപാർക്കിൽ പുതിയ റീജിയണൽ സൗകര്യങ്ങളൊരുക്കി ഐ.സി.ടി അക്കാദമി ഓഫ് കേരള

**തൃശൂർ:** ഇൻഫർമേഷൻ ആൻഡ് ടെക്നോളജി അക്കാദമി ഓഫ് കേരള (ഐ.സി.ടി.എ.കെ) യുടെ പുതിയ റീജിയണൽ സൗകര്യം കൊരട്ടിയിലെ ഇൻഫോപാർക്ക് കണിക്കൊന്ന കെട്ടിടത്തിൽ മന്ത്രി ബിന്ദു ഉദ്ഘാടനം ചെയ്തു.

ഐ.സി.ടി.എ.കെ മുൻ സി.ഇ.ഒ സന്തോഷ് കുറുപ്പ് നേതൃത്വം നൽകിയ പാനൽ സെഷനിൽ ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ, കുസാറ്റിലെ ഐ.ടി സ്കൂൾ ഓഫ് എൻജിനീയർ ഡോ. ദലീഷ എം. വിശ്വനാഥൻ, ഐ.ബി.എം ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഐ.എസ്.എൽ കൊച്ചി ലാബ്, ഡാറ്റ ആൻഡ് എഐ പ്രോഗ്രാം ഡയറക്ടർ മാധുരി ഡി.എം. എന്നിവർ പങ്കെടുത്തു. . ഐ.സി.ടി.എ.കെ, നോളജ് ഓഫീസ് മേധാവി റിജി എൻ. ദാസിന്റെ നേതൃത്വത്തിൽ ഇന്റേൺഷിപ്പ് ഓറിയന്റേഷൻ സെഷനും നടന്നു. ഐ.സി.ടി.എ.കെ സി.ഇ.ഒ മുരളീധരൻ മണ്ണിങ്ങൽ,ഐ.സി.ടി.എ.കെ സൊല്യൂഷൻസ് ആൻഡ് റിസർച്ച് മേധാവി ഡോ. ശ്രീകാന്ത് ഡി തുടങ്ങിയവർ സംസാരിച്ചു.




# ടാറ്റ ടെക്നോളജീസ് ലിമിറ്റഡ് ഐപിഒ നവംബർ 22 മുതൽ

**കൊച്ചി:** ആഗോള എൻജിനീയറിങ്, ഉൽപന്ന വികസന ഡിജിറ്റൽ സർവീസ് കമ്പനിയായ ടാറ്റ ടെക്നോളജീസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന നവംബർ 22 മുതൽ 24 വരെ നടക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. നിലവിലുള്ള ഓഹരി ഉടമകളുടെ 60,850,278 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒന്നിന് 475 മുതൽ 500 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 30 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 30ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# സ്റ്റാർ ഹെൽത്ത് പ്രോ പുറത്തിറക്കി

**കൊച്ചി:** സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് 5 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെ പരിരക്ഷ നൽകുന്ന സമ്പൂർണ്ണ ഡിജിറ്റൽ പോളിസിയായ സ്റ്റാർ ഹെൽത്ത് പ്രോ പുറത്തിറക്കി. അധിക പരിരക്ഷയ്ക്കായി 5 ഓപ്ഷണൽ തെരഞ്ഞെടുപ്പുകളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുവെന്ന് ആൻഡ് അലൈഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡിൻറെ എംഡിയും സിഇഒയുമായ ആനന്ദ് റോയ് പറഞ്ഞു.ഇൻഷ്വർ ചെയ്ത തുകയുടെ അൺലിമിറ്റഡ് ഓട്ടോമാറ്റിക് റീസ്റ്റോറേഷൻ, ക്യുമുലേറ്റീവ് ബോണസ് ബൂസ്റ്റർ, റൂം വിഭാഗത്തിൻറെ പുതുക്കൽ, നിലവിലുള്ള രോഗങ്ങളുടെ കാര്യത്തിലെ കാത്തിരിപ്പ് കാലയളവ് കുറയ്ക്കൽ, നോൺമെഡിക്കൽ ഇനങ്ങൾക്കുള്ള പരിരക്ഷ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.പരിരക്ഷാ തുക എത്ര തവണ വേണമെങ്കിലും 100 ശതമാനം വരെ പുനസ്ഥാപിക്കാൻ ഇതിൽ അവസരം ലഭിക്കും. ഇങ്ങനെ പുനസ്ഥാപിക്കുന്ന പരിരക്ഷാ തുക പിന്നീട് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടാൽ പ്രയോജനപ്പെടുത്താം. പരിരക്ഷാ പരിധി മുഴുവനായോ ഭാഗികമായോ ഉപയോഗിക്കുന്ന വേളയിൽ ഇങ്ങനെ പുനസ്ഥാപിക്കാനാവും.

ക്ലെയിമുകൾ ഇല്ലാത്ത വർഷത്തിൽ പരിരക്ഷാ തുകയുടെ 50 ശതമാനം കൂട്ടിച്ചേർക്കപ്പെടും. ഇങ്ങനെ 600 ശതമാനം വരെ ബൂസ്റ്റർ ആയി നേടാം. ഇൻഷുർ ചെയ്യപ്പെട്ട വ്യക്തിക്ക് മുറിയുടെ വിഭാഗം പ്രൈവറ്റ് എസി മുറിയിൽ നിന്ന് ഏതു മുറിയിലേക്കും ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യാനാവും.നിലവിലുള്ള രോഗങ്ങളുടെ കാര്യത്തിലുള്ള കാത്തിരിപ്പു കാലം 48 മാസമെന്നതിൽ നിന്ന് 36, 24, 12 എന്നിങ്ങനെയുള്ള മാസങ്ങളായി കുറക്കാം. നോൺ മെഡിക്കൽ ഇനങ്ങളായ കൺസ്യൂമബിൾസ് സാധാരണയായി പരിരക്ഷയുടെ പരിധിക്കു പുറത്തായിരിക്കും. പുതിയ തെരഞ്ഞെടുക്കാവുന്ന പരിരക്ഷയോടെ ഇവയും ക്ലെയിം ലഭിക്കുന്ന വിഭാഗത്തിലാവും.ഈ പോളിസി ഒറ്റയ്ക്കോ രണ്ട് മുതിർന്നവരും മൂന്നു കുട്ടികളും വരെയുള്ള കുടുംബത്തിനായോ എടുക്കാം. ആയുഷ്, വീട്ടിലുള്ള ചികിൽസ തുടങ്ങിയവയും ഇതിൻറെ പരിധിയിൽ പെട്ടതാണ്.ഈ ഡിജിറ്റൽ നീക്കത്തിലൂടെ സമഗ്ര പരിരക്ഷയും കുടുംബങ്ങൾക്ക് അവരുടെ ആവശ്യത്തിന് അനുസരിച്ചു ക്രമീകരിക്കാവുന്ന പോളിസിയും ആണു ലഭിക്കുന്നതെന്നും ആനന്ദ് റോയ് പറഞ്ഞു. സ്റ്റാർ ഹെൽത്ത് പ്രോ കേവലം ഇൻഷുറൻസ് മാത്രമല്ല, മനസമാധാനം കൂടിയാണു നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# നിർധന കുട്ടികളുടെ ചികിൽസ ; കൈകോർത്ത് ആസ്റ്റർ മെഡ്സിറ്റിയും യുണൈറ്റഡ് നേഴ്സസ് അസോസിയേഷനും

**കൊച്ചി:** നിർധനരായ കുട്ടികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കാൻ ആസ്റ്റർ മെഡ്സിറ്റിയും യുണൈറ്റഡ് നേഴ്സസ് അസോസിയേഷനും (യു.എൻ.എ) കൈകോർക്കുന്നു. അസോസിയേഷന്റെ 13ആം വാർഷികാഘോഷത്തോടനുബന്ധിച്ചാണ് ഹെൽപ്പിംഗ് ഹാന്റ്സ് ഓഫ് ഏഞ്ചൽസ് എന്ന പേരിൽ ബ്രഹത് പദ്ധതി നടപ്പാക്കുന്നത്.

അവയവ മാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സകൾ ഏറ്റവും കുറഞ്ഞ ചിലവിൽ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എറണാകുളം പ്രസ് ക്ലബിൽ നടന്ന ചടങ്ങിൽ ആസ്റ്റർ മെഡ്സിറ്റി ലിവർ ട്രാൻസ്പ്ലാന്റ് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. മാത്യു ജേക്കബ് പദ്ധതിയുടെ പ്രഖ്യാപനം നടത്തി.സാമ്പത്തിക ബുദ്ധിമുട്ടുകളുടെ പേരിൽ കുട്ടികൾക്ക് ചികിത്സ മുടങ്ങരുത് എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. 15 വയസിൽ താഴെയുള്ള കുട്ടികൾക്കാണ് അടുത്ത ആറ് മാസങ്ങളിലായി പദ്ധതിയുടെ ഗുണഫലം ലഭിക്കുക. ലക്ഷക്കണക്കിന് നേഴ്സുമാർ അംഗങ്ങളായിട്ടുള്ള യു.എൻ.എ ഇത്തരത്തിൽ രാജ്യത്തെ തന്നെ ഏറ്റവും വലിയ സംഘടനകളിൽ ഒന്നാണ്.

യു.എൻ.എ അംഗങ്ങളിൽ നിന്ന് ശേഖരിക്കുന്ന തുകക്കൊപ്പം ക്രൗഡ് ഫണ്ടിംഗിലൂടെ പണം സ്വരൂപിക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കും. ആസ്റ്റർ മെഡ്സിറ്റി അധികൃതരാണ് ചികിത്സാ സഹായം ആവശ്യമുള്ള അർഹരായ കുട്ടികളെ കണ്ടെത്തി യു.എൻ.എയുമായി ബന്ധിപ്പിക്കുക.ആശുപത്രികളിലെ ജീവനക്കാരിൽ 60 ശതമാനത്തിലധികവും നേഴ്സുമാരാണെന്നും എല്ലാ കുട്ടികൾക്കും ഏറ്റവും നല്ല ചികിത്സ ഒരുക്കുക എന്ന ലക്ഷ്യത്തോടെ യു.എൻ.എയിലെ നേഴ്സുമാർ നടത്തുന്ന ഹെൽപ്പിംഗ് ഹാന്റ്സ് ഓഫ് ഏഞ്ചൽസ് പദ്ധതിയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും ഡോ. മാത്യു ജേക്കബ് പറഞ്ഞു.

ചികിത്സയുമായി ബന്ധപ്പെട്ട രക്തം ആവശ്യമായി വന്നാൽ എത്രയും വേഗം ലഭ്യമാക്കുന്നതിനായി പ്രത്യാശ പദ്ധതിയും യു.എൻ.എ വിഭാവവനം ചെയ്തിട്ടുണ്ട്. ആസ്റ്റർ മെഡ്സിറ്റിയിലെ ബ്ലഡ് ബാങ്കുമായി സഹകരിച്ചാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

പ്രത്യാശ പദ്ധതിയുടെ ഭാഗമായി ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന ബ്ലഡ് ഡൊണേഷൻ ക്യാമ്പ് ബ്ലഡ് ബാങ്ക് മേധാവി ഡോ. ദിനേശ് ഉദ്ഘാടനം ചെയ്തു.രക്തദാന ക്യാമ്പുകളിൽ നിന്നും മറ്റുമായി ശേഖരിക്കുന്ന രക്തം ആസ്റ്ററിലെ ബ്ലഡ് ബാങ്കിലാണ് സൂക്ഷിക്കുകയെന്നും അടിയന്തര സാഹചര്യങ്ങളിൽ രക്തം ലഭ്യമാക്കുന്നതിന് വേണ്ടി യു.എൻ.എ അംഗങ്ങൾ, ആശുപത്രി ജീവനക്കാർ, ആശുപത്രി സന്ദർശിക്കുന്നവർ എന്നിവരുടെ ഡാറ്റ ബാങ്ക് തയ്യാറാക്കുമെന്ന് യു.എൻ.എ ആസ്റ്റർ യൂണിറ്റ് സെക്രട്ടറി എം.എസ് സംഗീത, എറണാകുളം ജില്ലാ സെക്രട്ടറി ആർ. രാഹുൽ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

# എയർ ഏഷ്യ പ്രൊമോഷണൽ നിരക്കുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** ഏഷ്യയിലും ഏഷ്യാ പസഫിക്കിലും ഉടനീളമുള്ള 130 ലക്ഷ്യസ്ഥാനങ്ങളിലേക്ക് ദശലക്ഷക്കണക്കിന് ഇന്ത്യൻ യാത്രക്കാരെ ബന്ധിപ്പിച്ചു കൊണ്ട് എയർ ഏഷ്യ തങ്ങളുടെ ഇന്ത്യയിലെ സാന്നിധ്യം ശക്തമാക്കുന്നു. ഇന്ത്യയിൽ നിന്ന് തെക്കുകിഴക്കൻ ഏഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് ഉൾപ്പെടെയുള്ള സ്ഥലങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് ഫ്ലൈത്രൂ കണക്റ്റിവിറ്റി ഒരു പുതിയ ചെലവ് കുറഞ്ഞ അന്താരാഷ്ട്ര യാത്രാ അനുഭവം ഉറപ്പാക്കുന്നുവെന്ന് എയർഏഷ്യ ഏവിയേഷൻ ഗ്രൂപ്പ് ലിമിറ്റഡ് ഗ്രൂപ്പ് സിഇഒ ബോ ലിംഗം പറഞ്ഞു. 2024 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ എയർ ഏഷ്യയിലൂടെ ക്വാലാലംപൂർ, ബാങ്കോക്ക്, ബാലി, ഫുക്കറ്റ്, സിഡ്നി തുടങ്ങിയ സ്ഥലങ്ങളിലേക്കു കുറഞ്ഞ ചിലവിൽ യാത്ര ചെയ്യാൻ ഇപ്പോൾ ബുക്ക് ചെയ്യാം. 2023 നവംബർ 26 വരെ വെബ്സൈറ്റിലും എയർ ഏഷ്യ സൂപ്പർ ആപ്പിലും ബുക്കിംഗിന് പ്രമോഷണൽ നിരക്കുകൾ ലഭ്യമാണ്.ഇന്ത്യ എല്ലായ്പ്പോഴും എയർ ഏഷ്യയുടെ ഒരു പ്രധാന വിപണിയാണ്, രാജ്യത്തെ ഞങ്ങളുടെ പ്രവർത്തനങ്ങളിലെ സമീപകാല മാറ്റങ്ങൾക്ക് ശേഷം, വിപണിയെ സേവിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഈ വർഷം ജനുവരി മുതൽ നവംബർ വരെയുള്ള കാലയളവിൽ ഞങ്ങൾ ഇന്ത്യയിൽ നിന്ന് 1,601,601 യാത്രക്കാരെ സേവിച്ചു. ഇന്ത്യയിൽ ഞങ്ങളുടെ സാന്നിധ്യം ശക്തിപ്പെടുത്തുന്നത് തുടരുമ്പോൾ, തിരുവനന്തപുരത്തേക്കുള്ള ഒരു പുതിയ റൂട്ട് ഉടൻ ആരംഭിക്കുന്നതുൾപ്പെടെയുള്ള ഞങ്ങളുടെ വിപുലീകരണ പദ്ധതികൾ പ്രഖ്യാപിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. ഇന്ത്യയിൽ നിന്നുള്ള അന്താരാഷ്ട്ര യാത്രകൾ ആക്സസ് ചെയ്യാൻ മാത്രമല്ല എല്ലാവർക്കും താങ്ങാനാവുന്നതാക്കി മാറ്റാനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും ബോ ലിംഗം പറഞ്ഞു.എയർഏഷ്യ മലേഷ്യ, എയർഏഷ്യ തായ്ലൻഡ് എന്നിവയിൽ നിന്ന് പ്രതിവാരം 104 വിമാനങ്ങൾ ഉൾപ്പടെ എയർഏഷ്യ ഇപ്പോൾ ഇന്ത്യയിൽ നിന്ന് മലേഷ്യയിലേക്കും തായ്ലൻഡിലേക്കും നേരിട്ട് 10 റൂട്ടുകളിൽ സർവീസ് നടത്തുന്നു. മീഡിയം ഹോൾ അഫിലിയേറ്റ് എയർലൈൻ എയർഏഷ്യ എക്സ് മലേഷ്യ ന്യൂ ഡൽഹിയിൽ നിന്നും അമൃതസറിൽ നിന്നും ക്വാലാലംപൂരിലേക്ക് ആഴ്ചയിൽ 8 ഫ്ലൈറ്റുകളുള്ള രണ്ട് നേരിട്ടുള്ള റൂട്ടുകളും ഓപ്പറേറ്റ് ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.



# ഐആർഇഡിഎ ഐപിഒ നവംബർ 21 ന്

**കൊച്ചി:** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റിന്യൂവബിൾ എനർജി ഡെവലപ്മെന്റ് ഏജൻസി (ഐആർഇഡിഎ) ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന നവംബർ 21 ന് ആരംഭിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. 30 മുതൽ 32 രൂപ വരെയാണ് പ്രതിഓഹരി വില. ചുരുങ്ങിയത് 460 ഓഹരികളോ ഇതിന്റെ മടങ്ങുകളോ ആയി വാങ്ങാം. നവംബർ 23 ന് വിൽപ്പന അവസാനിക്കും.പത്തു രൂപ മുഖവിലയിൽ 403,164,706 പുതിയ ഓഹരികളാണ് വിൽപ്പനയ്ക്കുള്ളത്. സർക്കാരിന്റെ കൈവശമുള്ള 268,776,471 ഇക്വിറ്റി ഓഹരികളും ഐപിഒ വഴി വിറ്റൊഴിയും.പുനരുപയോഗ ഊർജ്ജ പദ്ധതിൾക്കും ഊർജ്ജ സംരക്ഷണ പദ്ധതികൾക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനായി 36 വർഷമായി പ്രവർത്തിച്ചു വരുന്ന മിനി രത്ന പൊതുമേഖലാ ധനകാര്യ കമ്പനിയാണ് ഐആർഇഡിഎ.

# ഡേകെയർ സർജറി ക്യാമ്പുമായി അപ്പോളോ അഡ്‌ലക്സ് ആശുപത്രി

**അങ്കമാലി:** അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിൽ ലാപ്രോസ്കോപ്പിക് ഹെർണിയ പിത്തസഞ്ചി നീക്കം ചെയ്യൽ എന്നിവയ്ക്കുള്ള ഡേകെയർ സർജറി ക്യാമ്പ് ആരംഭിച്ചു. നവംബർ 30 വരെ നടക്കുന്ന ക്യാമ്പിൽ ശസ്ത്രക്രിയകൾ ആവശ്യമുള്ളവർക്ക് കുറഞ്ഞ ചെലവിലും മികച്ച നിലവാരത്തോട് കൂടിയും പരിശോധനയും ശസ്ത്രക്രിയയും ലഭ്യമാകുമെന്ന് അപ്പോളോ അഡ്‌ലക്സ് ആശുപത്രി സിഇഒ ബി സുദർശൻ പറഞ്ഞു.

സൗജന്യ കൺസൾട്ടേഷന് പുറമെ ശസ്ത്രക്രിയയ്ക്ക് മുമ്പുള്ള പരിശോധനകൾക്ക് 50 ശതമാനം ഇളവും ലാപ്രോസ്കോപ്പിക്/കീഹോൾ ഡേകെയർ ശസ്ത്രക്രിയകൾക്ക് 35 ശതമാനം ഇളവും ഉണ്ടായിരിക്കുന്നതാണ്. സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. മനോജ് അയ്യപ്പത്ത്, കൺസൾട്ടന്റ് ഡോ. കാർത്തിക് കുൽശ്രേഷ്ഠ എന്നിവരുൾപ്പെടെ വിദഗ്ധ സംഘമാണ് ക്യാമ്പിന് നേതൃത്വം നൽകുന്നത്. രോഗികൾക്ക് മികച്ച നിലവാരത്തിലുള്ള ചികിത്സയും ശസ്ത്രക്രിയാ പരിചരണം നൽകുന്നതിനും മറ്റു ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടികൂടിയാണ് ക്യാമ്പ് സംഘടിപ്പിക്കുന്നതെന്നും ബി സുദർശൻ പറഞ്ഞു. വേഗത്തിലുള്ള സുഖംപ്രാപിക്കലും പെട്ടന്ന് തന്നെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു പോകാനും ലാപ്രോസ്കോപ്പിക് അഥവാ കീഹോൾ ശസ്ത്രക്രിയകളിലൂടെ സാധിക്കുമെന്ന് ഡോ. മനോജ് അയ്യപ്പത്ത് പറഞ്ഞു. ഈ അത്യാധുനിക ശസ്ത്രക്രിയാ നടപടിക്രമങ്ങൾ എല്ലാവർക്കും ഉപകാരപ്രദമാണെന്നും ജോലി ചെയ്യുന്നവർക്ക് അന്ന് തന്നെ വീട്ടിലേക്ക് മടങ്ങാൻ സാധിക്കുന്നതും ഡേകെയർ ശസ്ത്രക്രിയ രീതിയുടെ പ്രത്യേകതയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# എ.ഐ.സി.ടി.ഇയുമായി ആമസോൺ ഇന്ത്യ ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി :**ആമസോൺ ഇന്ത്യ സംരംഭമായ അാമ്രീ വൗവ് (വിമൻ ഓഫ് ദി വേൾഡ്) രാജ്യത്തുടനീളം വ്യാപിപ്പിക്കുന്നതിന് ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷനുമായി (എ.ഐ.സി.ടി.ഇ) ധാരണാപത്രം (എം.ഒ.യു) ഒപ്പുവച്ചു.

ഇന്ത്യയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ചേരുന്ന വിദ്യാർത്ഥിനികളെ ടെക്നോളജി ഇൻഡസ്ട്രിയിൽ അഭിവൃദ്ധി പ്രാപിക്കാൻ ആവശ്യമായ നൈപുണ്യത്തിലേക്ക് ശാക്തീകരിക്കുന്നതിനും സജ്ജരാക്കുന്നതിനുമായാണ് ഈ നൂതന പരിപാടി രൂപകൽപ്പന ചെയ്തിരിക്കുന്നത്. പാർട്ണർഷിപ്പ് എഗ്രിമെന്റിൽ ആമസോൺ, സ്റ്റുഡന്റ് പ്രോഗ്രാംസ് ഡയറക്ടർ, സുമൻ യാദവ്, എ.ഐ.സി.ടി.ഇയെ പ്രതിനിധീകരിച്ച്, പ്രൊഫ. ടി ജി സീതാറാം, ചെയർമാൻ, എ.ഐ.സി.ടി.ഇ , ഭാരത സർക്കാർ എന്നിവർ ഒപ്പുവച്ചു

# ഹോണ്ട പുതിയ സിബി350 പുറത്തിറക്കി



**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) പ്രീമിയം മിഡ്സൈസ് 350 സിസി മോട്ടോർസൈക്കിൾ വിഭാഗത്തിൽ റെട്രോ ക്ലാസിക് വിഭാഗത്തെ പുനർനിർവചിച്ചുകൊണ്ട് പുതിയ സിബി350 അവതരിപ്പിച്ചു.348.36സിസി, എയർകൂൾഡ്, 4സ്ട്രോക്ക്, സിംഗിൾ സിലിണ്ടർ ബിഎസ്6 ഒബിഡി2ബി മാനദണ്ഡങ്ങൾ പാലിക്കുന്ന പിജിഎംഎഫ്ഐ എഞ്ചിൻ ആണ് കരുത്ത്. 5,500 ആർപിഎമ്മിൽ 15.5 കിലോവാട്ട് പവറും 3,000 ആർപിഎമ്മിൽ 29.4 എൻഎം ടോർക്കും പുറപ്പെടുവിക്കുന്നു. ഇത് 5സ്പീഡ് ഗിയർബോക്സുമായാണ് എത്തുന്നത്.പ്രഷ്യസ് റെഡ് മെറ്റാലിക്, പേൾ ഇഗ്നിയസ് ബ്ലാക്ക്, മാറ്റ് ക്രസ്റ്റ് മെറ്റാലിക്, മാറ്റ് മാർഷൽ ഗ്രീൻ മെറ്റാലിക്, മാറ്റ് ഡ്യൂൺ ബ്രൗൺ എന്നിങ്ങനെ ആകർഷകമായ അഞ്ച് നിറങ്ങളിലാണ്പുതിയ സിബി350 എത്തുന്നത്. പ്രത്യേക 10 വർഷത്തെ വാറൻറി പാക്കേജും (3 വർഷത്തെ സ്റ്റാൻഡേർഡ് + 7 വർഷം ഓപ്ഷണൽ) ഹോണ്ട ലഭ്യമാക്കുന്നു. സിബി350 ഡിഎൽഎക്സ് പതിപ്പിന് 1,99,900 രൂപയും, സിബി350 ഡിഎൽഎക്സ് പ്രോ പതിപ്പിന് 2,17,800 രൂപയുമാണ് ഡൽഹി എക്സ് ഷോറൂം വില.




# സോഷ്യൽ പ്രൊജക്ട് ഓഫ് ദി ഇയർ പുരസ്ക്കാരം നേടി എച്ച് ആൻഡ് ആർ ബ്ലോക്ക് ഇന്ത്യ

**തിരുവനന്തപുരം:** പ്രോജക്ട് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (പി.എം.ഐ) കേരള ചാപ്റ്ററിന്റെ വേവ്സ് 2023 കോൺഫറൻസിൽ ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന എച്ച് ആൻഡ് ആർ ബ്ലോക്ക് ഇന്ത്യ സോഷ്യൽ പ്രൊജക്റ്റ് ഓഫ് ദ ഇയർ അവാർഡ് കരസ്ഥമാക്കി. ഭവനരഹിതർക്ക് അഭയം നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ബ്ലോക്ക്ഷെൽട്ടർ എന്ന പദ്ധതിക്കാണ് പുരസ്കാരം ലഭിച്ചത്. 2020ൽ തുടങ്ങിയ പദ്ധതിയ്ക്ക് കീഴിൽ വീടില്ലാത്ത അർഹരായ വ്യക്തികളെ കണ്ടെത്തി വീട് നിർമിച്ചു നൽകുകയാണ് ചെയ്യുന്നത്. കഴിഞ്ഞ മൂന്നുവർഷത്തിനകം ആറു വീടുകൾ പൂർത്തിയാക്കി വിവിധ വ്യക്തികൾക്ക് കൈമാറി. ഏഴാമത്തെ വീടിന്റെ നിർമാണം നടന്നുകൊണ്ടിരിക്കുകയാണെന്ന് എച്ച് ആൻഡ് ആർ ബ്ലോക്കിലെ സി.എസ്.ആർ വിംഗിന്റെ അസോസിയേറ്റ് ടെക്നോളജി മാനേജരും കോർ അംഗവുമായ പ്രവീൺ എസ്. നാഥ് പറഞ്ഞു.

ഈ അവാർഡ് ബ്ലോക്ക്ഷെൽട്ടർ പ്രൊജക്ടിന്റെ ഫലപ്രദമായ ശ്രമങ്ങളെയും എച്ച് ആൻഡ് ആർ ബ്ലോക്കിന്റെ സാമൂഹിക ഉത്തരവാദിത്തത്തോടുള്ള കൂട്ടായ പ്രതിബദ്ധതകളെയും സാക്ഷ്യപ്പെടുത്തുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

# എസ്ഐബി ഇഗ്നൈറ്റ് ക്വിസത്തോണുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** രാജ്യത്തുടനീളമുള്ള കോളജ് വിദ്യാർത്ഥികൾക്കായി സൗത്ത് ഇന്ത്യൻ ബാങ്ക്, എസ്ഐബി ഇഗ്നൈറ്റ് ക്വിസത്തോൺ എന്ന പേരിൽ ദേശീയ തല ത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികളെ പ്രചോദിപ്പിക്കാനും വൈവിധ്യമാർന്ന വിഷയങ്ങളിൽ പൊതുവിജ്ഞാനത്തെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. മത്സരങ്ങളിൽ പങ്കെടുക്കാൻ നവംബർ 30 വരെ രജിസ്റ്റർ ചെയ്യാം.

ഏതു വിഷയം പഠിക്കുന്ന കോളജ് വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. ഒരു കോളജിനെ പ്രതിനിധീകരിച്ച് പരമാവധി രണ്ടു ടീമുകൾക്ക് പങ്കെടുക്കാം. കറന്റ് അഫയേഴ്സ്, സ്പോർട്സ്, ബിസിനസ്, ടെക്നോളജി, കല, ചരിത്രം, ഭൂമി ശാസ്ത്രം തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള പൊതുവിജ്ഞാജനത്തിന്റെ വലിയ പ്രദർശനമാകും ഈ മത്സരങ്ങൾ.

രാജ്യത്തുടനീളം എട്ടു മേഖലകളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. മൂന്ന് റൗണ്ടുകളിലായാണ് മത്സരം. പ്രാഥമിക യോഗ്യതാ മത്സരങ്ങൾ ഓൺലൈനായി സംഘടിപ്പിക്കും.

ഓരോ മേഖലയിൽ നിന്നും മുന്നിലെത്തുന്ന എട്ടു ടീമുകളെ പങ്കെടുപ്പിച്ച് സോണൽ മത്സരങ്ങൾ സംഘടിപ്പിക്കും.

സോണൽ മത്സരങ്ങളിൽ മുന്നിലെത്തുന്ന എട്ടു ടീമുകളാണ് ദേശീയതലത്തിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരയ്ക്കുക. ഒന്നാം സ്ഥാനത്തെത്തുന്ന ദേശീയ ചാമ്പ്യൻ ടീമിന് ഒന്നര ലക്ഷം രൂപയും റണ്ണർ അപ്പ് ടീമിന് ഒരു ലക്ഷം രൂപയും മൂന്നാം സ്ഥാനം നേടുന്ന ടീമിന് 60,000 രൂപയും കാഷ് പ്രൈസ് ലഭിക്കും.മത്സരങ്ങളിൽ പങ്കെടുക്കാൻ രാജ്യ ത്തുടനീളമുള്ള കൊളെജ് വിദ്യാർത്ഥികളെ ക്ഷണിക്കുന്നതായി സൗത്ത് ഇന്ത്യൻ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ചീഫ് ബിസിനസ് ഒഫീസറുമായ തോമസ് ജോസഫ് കെ. പറഞ്ഞു.

രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക്: https://online.southindianbank.com/SIBIgnite/



# സഹോദയ അത്‌ലറ്റിക് മീറ്റ് ആരംഭിച്ചു

**കൊച്ചി:** സഹോദയ അത്‌ലറ്റിക് മീറ്റ് കൊച്ചി മെട്രോ റെയിൽ എം.ഡി ലോകനാഥ് ബഹ്റ ഉദ്ഘാടനം ചെയ്തു. കൊച്ചി സഹോദയ പ്രസിഡന്റ് അരവിന്ദ് ലക്ഷ്മൺ, സെക്രട്ടറി ശ്രീമതി രാജലക്ഷ്മി ജി ജി, ട്രഷറർ ശ്രീമതി സോണിയ സൂസൻ വർക്കി, വൈസ് പ്രസിഡന്റ് കെ സുരേഷ്, ജോയിന്റ് സെക്രട്ടറി ശ്രീകല കരുണാകരൻ, ജനറൽ കൺവീനർ ശ്രീമതി രാഖി പ്രിൻസ്, എസ് ഡി കെ വൈ പ്രിൻസിപ്പൽ സുനന്ദ മുരളി, ശ്രീ നാരായണ വിദ്യാപീഠം ട്രസ്റ്റ് സെക്രട്ടറി ശ്രീ എം എൻ ദിവാകരൻ, സ്പോർട്സ് ക്യാപ്റ്റൻ ആർ ആദിത്യ മേനോൻ തുടങ്ങിയവർ പങ്കെടുത്തു.

# ഫെഡ്ബാങ്ക് ഫിനാൻഷ്യൽ ഐപിഒ നവംബർ 22 മുതൽ




**കൊച്ചി:** ഫെഡ്ബാങ്ക് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) നവംബർ 22 മുതൽ 24 വരെ നടക്കും. 600 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും, പ്രമോട്ടറുടെയും നിലവിലുള്ള നിക്ഷേപകരുടെയും 35,161,723 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

10 രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒന്നിന് 133 മുതൽ 140 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 107 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് അതിൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരി ഒന്നിന് 10 രൂപ ഡിസ്കൗണ്ടിൽ 10 കോടി രൂപയുടെ ഓഹരികൾ അർഹരായ ജീവനക്കാർക്കായി മാറ്റി വച്ചിരിക്കുകയാണ്.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ബിഎൻപി പാരിബാസ്, ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.

# ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി സ്കോളർഷിപ്പ്: അപേക്ഷ 30വരെ

**പാലക്കാട്:** സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ അഞ്ച്, എട്ട് ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട പഠനമികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അപേക്ഷിക്കാം. നാലാം തരത്തിലും ഏഴാം തരത്തിലും ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുക. ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് അപേക്ഷിക്കാം.

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് നിബന്ധനകൾക്ക് വിധേയമായി പത്താം ക്ലാസ് വരെ പദ്ധതിയിൽ തുടരാം. പ്രതിവർഷം 4500 രൂപയാണ് സ്കോളർഷിപ്പ്. പട്ടികജാതിയിലെ ദുർബല വിഭാഗ വിദ്യാർത്ഥികൾക്ക് 10 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

അപേക്ഷകൾ നവംബർ 30നകം ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മുൻ വർഷത്തെ (നാല്, ഏഴ്) ഗ്രേഡ് സർട്ടിഫിക്കറ്റ്, പാഠ്യേതര പ്രവർത്തനങ്ങളുടെ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, പാസ്ബുക്ക് പകർപ്പ് എന്നിവ സഹിതം പ്രധാന അധ്യാപകർ സാക്ഷ്യപ്പെടുത്തി ബ്ലോക്ക്/നഗരസഭ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നൽകണമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. അപേക്ഷാഫോമും മറ്റ് അനുബന്ധ വിവരങ്ങളും അടുത്തുള്ള ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസിൽ ലഭിക്കും. ഫോൺ: 04912505005.




**നാലു വർഷ ബിരുദം സർവകലാശാലകളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് കേരള ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടന്ന ഏകദിന പരിശീലന പരിപാടികുസാറ്റ് വി. സി. ഡോ. പി. ജി. ശങ്കരൻ ഉദ്ഘാടനം ചെയ്യുന്നു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗ്ഗീസ്, കുസാറ്റ് സിൻഡിക്കേറ്റ് അംഗം ഡോ. ശശി ഗോപാലൻ, ഇന്റഗ്രേറ്റഡ് സ്റ്റഡീസ് കോർഡിനേറ്റർ ഡോ. എൻ മനോജ്, എന്നിവർ സമീപം.**

# വിദ്യാർത്ഥി സമൂഹത്തെ പിടിച്ച് നിർത്താനുതകുന്ന മാറ്റങ്ങൾ ഉന്നത വിദ്യാഭ്യാസരംഗത്ത് ഉണ്ടാകണം: കുസാറ്റ് വി സി

**കൊച്ചി:** വിദ്യാർത്ഥി സമൂഹത്തിന്റെ കൊഴിഞ്ഞ്പോക്കിന് കാരണമാകുന്ന തൊഴിലില്ലായ്മയും ഉന്നത വിദ്യാഭ്യാസത്തിലെ നിലവാരക്കുറവും ഇല്ലായ്മ ചെയ്യുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ നയം പ്രാവർത്തികമാക്കാൻ സാധിക്കണമെന്ന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ ഡോ. പി. ജി. ശങ്കരൻ പറഞ്ഞു. നാലു വർഷ ബിരുദം സർവകലാശാലകളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് കേരള ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടന്ന ഏകദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതിയ കേന്ദ്ര സംസ്ഥാന ഉന്നത വിദ്യാഭ്യാസ നയങ്ങളുടെ ലക്ഷ്യങ്ങൾ വരുന്ന 2030 വർഷങ്ങളെ മുന്നിൽ കണ്ടുള്ളതാണെന്നും ഇതിലൂടെ പുതിയ കോഴ്സുകൾ രൂപപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കുസാറ്റ് ഇലക്ട്രോണിക്സ് വകുപ്പിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗ്ഗീസ് അദ്ധ്യക്ഷനായി. വിദ്യാഭ്യാസത്തെ സാമൂഹിക തലത്തിൽ വളർത്തിയെടുക്കാനാണ് കേരളം ഉന്നത വിദ്യാഭ്യാസ നയങ്ങളിലൂടെ ശ്രമിക്കുന്നത്. വലിയ സാങ്കേതിക വളർച്ചകൾ സംഭവിക്കുന്ന ഈ കാലത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്തർദ്ദേശീയ തലത്തിൽ ഉയർത്തുവാനും കുടിയേറ്റങ്ങൾ കുറയ്ക്കുവാനും പുതിയ നയങ്ങൾക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു. കുസാറ്റ് സിൻഡിക്കേറ്റ് അംഗം ഡോ. ശശി ഗോപാലൻ, ഇന്റഗ്രേറ്റഡ് സ്റ്റഡീസ് കോർഡിനേറ്റർ ഡോ. എൻ മനോജ്, തുടങ്ങിയവർ സംസാരിച്ചു. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ അദ്ധ്യപകർ, കുസാറ്റിലെ അദ്ധ്യാപകർ, അക്കാദമിക് വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ ശിൽപശാലയിൽ പങ്കെടുത്തു.

# 10 വയസുകാരിയെ എക്മോ ചികിത്സയിലൂടെ രക്ഷപ്പെടുത്തി എസ്.എ.ടി. ആശുപത്രി

**തിരുവനന്തപുരം:** ഗുരുതരമായ എ.ആർ.ഡി.എസിനൊപ്പം അതിവേഗം സങ്കീർണമാകുന്ന ന്യുമോണിയയും ബാധിച്ച തിരുവനന്തപുരം വാവറ അമ്പലം സ്വദേശിയായ 10 വയസുകാരിയെ എക്മോ ചികിത്സയിലൂടെ രക്ഷപ്പെടുത്തി തിരുവനന്തപുരം എസ്.എ.ടി. ആശുപത്രി. സംസ്ഥാനത്ത് ഇതാദ്യമായാണ് സർക്കാർ മേഖലയിൽ ശിശുരോഗ വിഭാഗത്തിൽ ശ്വാസകോശ സംബന്ധമായ അസുഖത്തിന് എക്മോ വിജയകരമായി നടത്തുന്നത്. സ്വകാര്യ ആശുപത്രികളിൽ 15 ലക്ഷത്തോളം ചെലവുവരുന്ന ചികിത്സ സർക്കാർ പദ്ധതിയിലൂടെ സൗജന്യമായാണ് എസ്.എ.ടി.യിൽ ലഭ്യമാക്കിയത്. ചികിത്സയും പരിചരണവും നൽകിയ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ഒക്ടോബർ 13നാണ് കുട്ടിയെ പനിയും ശ്വാസതടസവും കാരണം എസ്. എ.ടി. ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ശരീരത്തിൽ ഓക്സിജന്റെ അളവ് കുറവായതിനാൽ ശ്വസിയ്ക്കാൻ ബുദ്ധിമുട്ടുന്ന കുഞ്ഞിനെ വെന്റിലേറ്റർ സപ്പോർട്ട് നൽകി തുടർചികിത്സ ആരംഭിച്ചു. എന്നാൽ വെന്റിലേറ്ററിന്റെ സഹായം നൽകിയിട്ടും കുട്ടിയുടെ ശ്വാസകോശത്തിന് 65% ഓക്സിജനേ തലച്ചോറിലേയ്ക്കും മറ്റ് അവയവങ്ങളിലേയ്ക്കും എത്തിക്കുവാൻ കഴിയുമായിരുന്നുള്ളൂ. അടുത്ത ഏതാനം മണിക്കൂറിനുള്ളിൽ കുട്ടിയുടെ മറ്റ് ശരീരാവയവങ്ങളുടെ പ്രവർത്തനങ്ങളും തകരാറിലാകാൻ തുടങ്ങി.

ഈ ഘട്ടത്തിൽ കുട്ടിയുടെ ജീവൻ രക്ഷിക്കാൻ ചികിത്സിക്കുന്ന ഡോക്ടർമാർക്ക് എക്മോ മാത്രമായിരുന്നു മുന്നിലുള്ള മാർഗം. എക്മോ ചികിത്സയിൽ ശരീരത്തിൽ നിന്ന് രക്തം പുറത്തെടുക്കുകയും ശരീരത്തിന് പുറത്ത് ഓക്സിജൻ നൽകുകയും ശരീരത്തിലേയ്ക്ക് ഓക്സിജൻ അടങ്ങിയ രക്തം മടക്കി നൽകുകയും ചെയ്യുന്നു.

13ന് രാത്രി 09.30ന് അഡ്മിറ്റായ കുട്ടിയ്ക്ക് 14ന് രാത്രി 11.30 മണിയോടു കൂടി എക്മോ ചികിത്സ ആരംഭിച്ചു. ശ്വാസകോശത്തിന്റെ കാര്യക്ഷമത പതുക്കെ മെച്ചപ്പെട്ടുവരുകയും 10 ദിവസത്തിന് ശേഷം എക്മോ ചികിത്സ നിർത്തുകയും ചെയ്തു. തുടർന്ന് വെന്റിലേറ്റർ ചികിത്സ 28 വരെ തുടരുകയും ചെയ്തു. പിന്നീട് കുട്ടിയുടെ ആരോഗ്യനില മെച്ചപ്പെടുകയും ഓക്സിജൻ സഹായമില്ലാതെ ശ്വസിക്കാനും കഴിഞ്ഞു. പൂർണ ആരോഗ്യം വീണ്ടെടുത്ത കുട്ടിയെ ഉടൻ ഡിസ്ചാർജ് ചെയ്യും.

എസ്.എ.ടി. ആശുപത്രി സൂപ്രണ്ട് ഡോ. എസ്. ബിന്ദുവിന്റെ ഏകോപനത്തിൽ പീഡിയാട്രിക് വിഭാഗം മേധാവി ഡോ. ജി.എസ്. ബിന്ദു, യൂണിറ്റ് ചീഫ് ഡോ. സനുജ സരസം, പീഡിയാട്രിക് ഇന്റൻസിവിസ്റ്റ് ഡോ. ഷീജ സുഗുണൻ, ഡോ. രേഖാ കൃഷ്ണൻ, ഐ.സി.യു.വിലെ സീനിയർ, ജൂനിയർ റെസിഡന്റുമാർ, കാർഡിയോളജി വിഭാഗം മേധാവി ഡോ. ലക്ഷ്മി, എസ്.എ.ടി. സി.വി.ടി.എസ്. ടീം, ഡോ. വിനു, ഡോ. നിവിൻ ജോർജ്, ചീഫ് നഴ്സിംഗ് ഓഫീസർ അമ്പിളി ഭാസ്കരന്റെ നേതൃത്വത്തിലുള്ള പി.ഐ.സി.യുവിലേയും സി.വി.ടി.എസ്. ഐ.സി.യു.വിലേയും നഴ്സിംഗ് ഓഫീസർമാർ, പെർഫ്യൂഷനിസ്റ്റുകൾ, മറ്റ് ജീവനക്കാർ തുടങ്ങി എല്ലാവരുടേയും ആത്മാർത്ഥ പരിശ്രമമാണ് അത്യന്തം വെല്ലുവിളി നിറഞ്ഞ എക്മോ ചികിത്സ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചത്.

## അഭിമുഖം

**കോഴിക്കോട്:** ഗവ. മെഡിക്കൽ കോളജിലെ ഫാമിലി മെഡിസിൻ, കാർഡിയോ വാസ്കുലാർ ആൻഡ് തൊറാസിക് സർജറി എന്നീ വകുപ്പുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ താൽക്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. 70,000/രൂപ മൊത്തം ശമ്പളത്തിൽ പരമാവധി ഒരു വർഷത്തേക്കാണ് നിയമനം.

യോഗ്യത: എം.ബി.ബി.എസ് ഡിഗ്രി/ ട്രാവൻകൂർ കൊച്ചിൻ /കേരള മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ. ഫാമിലി മെഡിസിൻ വകുപ്പിലേക്ക് ഫാമിലി മെഡിസിൻ പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രി ഉള്ളവർക്കും കാർഡിയോ വാസ്കുലാർ ആൻഡ് തൊറാസിക് സർജറി വകുപ്പിലേക്ക് എംസിഎച്ച് കാർഡിയോ വാസ്കുലാർ ആൻഡ് തൊറാസിക് സർജറി ഉള്ളവർക്കും മുൻഗണന ലഭിക്കും. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വെള്ളക്കടലാസിൽ എഴുതിയ അപേക്ഷയോടൊപ്പം ഓഫീസിൽ നിന്നും അന്നേദിവസം ലഭിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ചു യോഗ്യതകളും വയസ്സ് മുൻ പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം പ്രിൻസിപ്പൽ ഓഫീസിൽ നവംബർ 25 രാവിലെ 11 മണിക്ക് ഹാജരാവേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് : 0495 2350205

## ക്വട്ടേഷൻ ക്ഷണിച്ചു

**കോഴിക്കോട്:** ട്രൈബൽ ഡവലപ്മെന്റ് ഓഫീസിനു കീഴിൽ പ്രവർത്തിക്കുന്ന പുതുപ്പാടി പ്രീമെട്രിക് ഗേൾസ് ഹോസ്റ്റലിലേക്കും (40 വിദ്യാർത്ഥിനികൾ) ഈസ്റ്റ്ഹിൽ പ്രീമെട്രിക് ഗേൾസ് ഹോസ്റ്റലിലേക്കും (72 വിദ്യാർത്ഥിനികൾ) 202324 അധ്യയന വർഷം സാനിറ്ററി നാപ്കിൻ ബേർണിംഗ് മെഷീൻ വിതരണം ചെയ്യുന്നതിന് തയ്യാറുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ കോഴിക്കോട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർക്ക് നവംബർ 23 ഉച്ചക്ക് 3 മണിക്ക് മുൻപായി ലഭിക്കണം. അന്നേ ദിവസം 3.30 മണിക്ക് ക്വട്ടേഷനുകൾ തുറക്കും.

കൂടുതൽ വിവരങ്ങൾക്ക്: 0495 2376364

## ഭരണഘടനാ പ്രസംഗമത്സരം 21ന്

**കോഴിക്കോട്:** ഭരണഘടനാദിനാഘോഷത്തിന്റെ ഭാഗമായി നിയമവകുപ്പ് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്കായി ഇന്ത്യൻ ഭരണഘടനയെ ആസ്പദമാക്കി വാഗ്മി 2023 എന്ന പേരിൽ പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. ഉത്തരമേഖല സെമിഫൈനൽ മത്സരം കോഴിക്കോട് ഗവ. ലോ കോളേജിൽ നവംബർ 21ന് രാവിലെ 11 മണിക്ക് നടക്കും.

## ആശയവിനിമയ പരിപാടി

**കോഴിക്കോട്:** മദ്രാസ് റെജിമെൻറിൻറെ കീഴിലുള്ള വിമുക്തഭാടന്മാരുടെയും വീർനാരികളുടെയും വൺ ടു വൺ ആശയവിനിമയ പരിപാടി സൈനിക ക്ഷേമ വകുപ്പിൻറെ ആഭിമുഖ്യത്തിൽ മദ്രാസ് റെജിമെൻറിൻറെ അധികൃതരുമായി നവംബർ 21 ന് രാവിലെ 10 മണി മുതൽ 1മണിവരെ ജില്ലാ സൈനികക്ഷേമ ഓഫീസ് കോൺഫറൻസ് ഹാളിൽ നടത്തുന്നു. കോഴിക്കോട് ജില്ലയിൽ നിന്നുള്ളവർക്ക് ഈ അവസരം ഉപയോഗപ്പെടുത്താവുന്നതാണെന്ന് ജില്ലാ സൈനികക്ഷേമ ആഫീസർ അറിയിച്ചു.




# കോന്നി മെഡിക്കൽ കോളജ് ശബരിമല ബേസ് ആശുപത്രി

**പത്തനംതിട്ട:** ശബരിമല മണ്ഡല, മകരവിളക്കു കാലത്ത് ഇത്തവണ ബേസ് ആശുപത്രിയായി കോന്നി സർക്കാർ മെഡിക്കൽ കോളജിനെ അംഗീകരിച്ചു. 88 ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിച്ചുകൊണ്ടുള്ള ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളജുകളിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാരെയാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കോന്നിയിലേക്ക് സ്ഥലംമാറ്റിയിരിക്കുന്നത്. ജനുവരി 20 വരെ ഡോക്ടർമാർ കോന്നിയിൽ തുടരണമെന്നാണ് നിർദേശം. ഉത്തരവ് പ്രകാരം പകുതിയിലധികം പേർ ഇതിനോടകം ചുമതലയേറ്റു കഴിഞ്ഞു.

ശബരിമലയിൽനിന്നുള്ള രോഗികളെ പത്തനംതിട്ട ജനറൽ ആശുപത്രിയിലേക്കായിരിക്കും ആദ്യം കൊണ്ടുവരികയെങ്കിലും ഇവിടെനിന്ന് റഫർ ചെയ്യേണ്ട കേസുകൾ ഇനി കോന്നി മെഡിക്കൽ കോളജിലേക്ക് അയയ്ക്കാനാണ് നിർദേശം. തീർഥാടനകാലത്ത് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ശബരിമല വാർഡ് തുടരും. ഇവിടേക്ക് കൂടുതൽ ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

പത്തനംതിട്ടയിൽ മതിയായ ചികിത്സ നൽകാനാകില്ലെന്ന് ഉറപ്പുള്ള കേസുകൾ നേരത്തേ കോട്ടയം മെഡിക്കൽ കോളജിലേക്കാണ് റഫർ ചെയ്തിരുന്നത്. ഇത് ഇനി മുതൽ കോന്നിയിലേക്ക് അയയ്ക്കാനാണ് നിർദേശം.

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയിലായ കോന്നി മെഡിക്കൽ കോളജിൽ മികച്ച ചികിത്സാ സൗകര്യം ഉറപ്പാക്കാനാകില്ലെന്ന് ഡോക്ടർമാർ ഉൾപ്പെടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഉദ്ഘാടനം കഴിഞ്ഞിട്ടു മൂന്നുവർഷത്തിലേറെയായെങ്കിലും കിടത്തിച്ചികിത്സ പൂർണ സജ്ജമായിട്ടില്ല. അത്യാഹിത വിഭാഗവും ഓപ്പറേഷൻ തിയേറ്ററും പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.

ഓപ്പറേഷൻ തിയേറ്ററുകളുണ്ടെങ്കിലും രക്തബാങ്ക് ഇല്ലാത്തതിനാൽ അടിയന്തര ശസ്ത്രക്രിയ നടത്താനാകില്ല. പത്തനംതിട്ട ജനറൽ ആശുപത്രിയിലെ രക്തബാങ്കിൽനിന്നും രക്തം നൽകണമെന്ന മറ്റൊരു നിർദേശവും പിന്നാലെ എത്തിയിട്ടുണ്ട്. മെഡിക്കൽ കോളജിലേക്കുള്ള റോഡ് പൂർത്തിയാകാത്തത് ആംബുലൻസ് ഉൾപ്പെടെയുള്ളവയുടെ യാത്ര ബുദ്ധിമുട്ടിലാക്കും.

# പാൽ ഉത്പാദനത്തിൽ ഒരു വർഷത്തിനകം സ്വയം പര്യാപ്തതയെന്ന് ചിഞ്ചുറാണി

**കൽപ്പറ്റ:** പാൽ ഉത്പാദനത്തിൽ സംസ്ഥാനം ഒരു വർഷത്തിനകം സ്വയം പര്യാപ്തത നേടുമെന്ന് മൃഗസംരക്ഷണ മന്ത്രി ചിഞ്ചുറാണി. പൂക്കോട് വെറ്ററിനറി കോളജിൽ പതിനഞ്ചാമത് കേരള വെറ്ററിനറി സയൻസ് കോൺഗ്രസും അന്താരാഷ്ട്ര സെമിനാറും ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകും. ഇതുവഴി പാൽ ഉത്പാദനക്ഷമതയിൽ വലിയ മാറ്റമുണ്ടാകും. പാൽ ഉത്പാദനക്ഷമതയിൽ രാജ്യത്ത് രണ്ടാം സ്ഥാനത്താണ് കേരളം. മൃഗസംരക്ഷണ മേഖലയുടെ വളർച്ചയ്ക്ക് കർഷകരും ഡോക്ടർമാരും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും കൂട്ടായി പ്രവർത്തിക്കണം.

വെറ്ററിനറി ഗവേഷണ മേഖലകളിൽ സമാനതകളില്ലാത്ത പ്രവർത്തനമാണ് ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ നടത്തുന്നത്. ഗവേഷകർ, പഠന വിദഗ്ധർ, നയതന്ത്രജ്ഞർ, വിദ്യാർഥികൾ, വിവിധ വകുപ്പുകൾ, കർഷകർ തുടങ്ങിയവർ ഒന്നിക്കുന്ന സയൻസ് കോൺഗ്രസ് പുതിയ മുന്നേറ്റമാകും. ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ വലിയ സ്വാധീനം ചെലുത്തുന്നതാണ് മൃഗസംരക്ഷണ മേഖല.

സ്ത്രീകളും ചെറുകിട കർഷകരുമാണ് ഈ മേഖലയെ കൂടുതൽ ആശ്രയിക്കുന്നത്. ഇവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിൽ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. മൃഗചികിത്സ വീട്ടുപടിക്കൽ എത്തിക്കും. മൃഗസംരക്ഷണം 24 മണിക്കൂർ സേവന സംവിധാനത്തിലേക്ക് മാറ്റും. മൃഗസംരക്ഷണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വെറ്ററിനറി ഡോക്ടർമാർക്ക് കേരള ഫീഡ്സിൻറെ ആഭിമുഖ്യത്തിൽ ഗോമിത്ര പുരസ്കാരം നൽകുമെന്നും മന്ത്രി പറഞ്ഞു. കോംപെൻഡിയം പ്രകാശനം മന്ത്രി നിർവഹിച്ചു. ജില്ലയിലെ മികച്ച ക്ഷീര കർഷകരായി തെരഞ്ഞെടുത്ത ബീന ഏബ്രഹാം, എം.വി. മോഹൻദാസ്, പി.സി. സിന്ധു എന്നിവർക്കുള്ള കേരള ഫീഡ്സ് പുരസ്കാരം മന്ത്രി വിതരണം ചെയ്തു. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന സയൻസ് കോൺഗ്രസിൽ വിവിധ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസ് നയിക്കും. സെമിനാർ സാങ്കേതിക സെഷൻ ഉദ്ഘാടനം ഇന്നു രാവിലെ ഒന്പതിന് അനിമൽ ഹസ്ബൻഡറി കമ്മീഷണർ ഡോ.അഭിജിത്ത് മിശ്ര നിർവഹിക്കും.

## ശബരിമല: റവന്യൂവകുപ്പ് കൺട്രോൾ റൂം എരുമേലിയിൽ പ്രവർത്തനം തുടങ്ങി

**കോട്ടയം:** ശബരിമല മണ്ഡലമകരവിളക്ക് സീസണിന്റെ ഭാഗമായി റവന്യൂ വകുപ്പിന്റെ എരുമേലി കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കും. എരുമേലി ശബരി റസിഡൻസിയിൽ നടന്ന ചടങ്ങിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ടി. നിർമൽകുമാർ കൺട്രോൾ റൂമിന്റെ ഉദ്ഘാടനം നിർവഹിച്ചു.

## താത്ക്കാലിക രജിസ്ട്രേഷൻ നേടണം

**തിരുവനന്തപുരം:** 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിനു കീഴിൽ വരുന്ന കേരളത്തിലെ മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക്ക് സർവീസ് എന്നിവയുമായി ബന്ധപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുള്ള താത്കാലിക രജിസ്ട്രേഷൻ ഡിസംബർ 31 ന് അവസാനിപ്പിക്കാൻ കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. 01.01.2019 മുൻപ് നിലവിൽ വന്നതും താത്കാലിക രജിസ്ട്രേഷൻ ഇനിയും നേടിയിട്ടില്ലാത്തതുമായ ക്ലിനിക്കൽ സ്ഥാപനങ്ങൾ 31 നകം താത്ക്കാലിക രജിസ്ട്രേഷൻ നേടണം. 2024 ജനുവരി 1 മുതൽ പിഴ ഈടാക്കും. ഇതിനു ശേഷം ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റിയുടെ അനുവാദവുമുണ്ടെങ്കിൽ മാത്രമേ സ്ഥിര രജിസ്ട്രേഷൻ ലഭിക്കൂ. 01.01.2019 നു ശേഷം നിലവിൽ വന്ന സ്ഥാപനങ്ങൾ സ്ഥിര രജിസ്ട്രേഷൻ എടുക്കണം.

## സംസ്ഥാന ഭിന്നശേഷി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയ ഈ വർഷത്തെ സംസ്ഥാന ഭിന്നശേഷി പുരസ്കാരങ്ങൾ മന്ത്രി ഡോ. ആർ ബിന്ദു വാർത്താസമ്മേളനത്തിൽ പ്രഖ്യാപിച്ചു. മികച്ച ജില്ലാ പഞ്ചായത്തിനുള്ള പുരസ്കാരം കോഴിക്കോട് നേടി. മികച്ച നഗരസഭയായി ഏലൂരിനെയും മികച്ച ബ്ലോക്ക് പഞ്ചായത്തായി വടകരയേയും തിരഞ്ഞെടുത്തു. തൃശൂർ ജില്ലയിലെ പുന്നയൂർക്കുളവും മലപ്പുറത്തെ പുൽപ്പറ്റയും മികച്ച ഗ്രാമപഞ്ചായത്തുകളായി.

ഭിന്നശേഷിക്കാർക്ക് പ്രാപ്യമായ സർക്കാർസ്വകാര്യ മേഖലകളിലെ മികച്ച സ്ഥാപനത്തിനുള്ള പുരസ്കാരത്തിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് അർഹമായി. ഭിന്നശേഷിസൗഹൃദ റിക്രിയേഷൻ സെന്റർ പുരസ്കാരത്തിന് ഇരിങ്ങാലക്കുട കല്ലേറ്റുംകരയിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണസ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൽ ആന്റ് റീഹാബിലിറ്റേഷൻ അർഹമായി. മികച്ച ക്ഷേമ സ്ഥാപനത്തിനുള്ള പുരസ്കാരം തവനൂരിലെ പ്രതീക്ഷ ഭവനാണ്.മികച്ച ജില്ലാ ഭരണകൂടം, മികച്ച കോർപ്പറേഷൻ, സംസ്ഥാന സർക്കാർ വകുപ്പുകളുടെ മികച്ച ഭിന്നശേഷി സൗഹൃദ വെബ്സൈറ്റ് എന്നിവ ഒഴികെ 20 വിഭാഗങ്ങളിലായി 81 നാമനിർദ്ദേശങ്ങളാണ് പുരസ്കാരനിർണയ സമിതിക്കു ലഭിച്ചത്. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാന അവാർഡ് നിർണയ സമിതിയാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുത്തത്.



# ചിന്മയ വിശ്വവിദ്യാപീഠത്തിൽ കലയുടെ കേളികൊട്ട്

**കൊച്ചി:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല കലോത്സവമായ പ്രതിഭ 202324 ന് തിരിതെളിഞ്ഞു. സർവകലാശാലയുടെ വാരിയം റോഡിലെ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രശസ്ത കർണാടക സംഗീതഞ്ജൻ അജിത്ത് നമ്പൂതിരി കലോത്സവം ഉദ്ഘാടനം ചെയ്തു.

കലകളാൽ സമ്പന്നമായ കേരളത്തിൽ കലകൾക്കുവേണ്ടി മാത്രം ഒരു സർവകലാശാല സ്ഥാപിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം ഓർമപ്പെടുത്തി. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ഡീൻ ആക്കാദമിക്സും റജിസ്ട്രാർ ഇൻ ചാർജുമായ പ്രൊഫ. ടി.ആശോകൻ, ഡീൻ റിസർച്ച് പ്രൊഫ.ഗിരീഷ് കുമാർ, ഡീൻ ലൈഫ്‌ലോങ് ലേർണിങ് ആന്റ് വെൽനെസ് ഡോ. സുനീത ഗ്രാന്ധി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

നാൽപത്തിയൊന്ന് ഇനങ്ങളിലാണ് മത്സരങ്ങൾ. സർവകലാശാലയിലെ വിവിധ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള വിദ്യാർഥികൾ ഈ കലാമാമാങ്കത്തിൽ മാറ്റുരയ്ക്കുന്നു. സർവകലാശാലയുടെ വാരിയം റോഡിലെ ഓഡിറ്റോറിയത്തിൽ നടക്കുന്ന കലോത്സവം ഇന്ന് (ശനി) സമാപിക്കും. വൈകീട്ട് നടക്കുന്ന സമാപന സമ്മേളനത്തിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യും. സർവകലാശാലയിലെ ഫൈൻ ആന്റ് പെർഫോമിങ് ആർട്സ് ക്ലബായ ഭരതാ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് കലോത്സവം പുരോഗമിക്കുന്നത്.

# ഓഗസ്റ്റിൽ 32.4 ലക്ഷം പുതിയ വരിക്കാരുമായി ജിയോ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ മൊബൈൽ ഓപ്പറേറ്ററായ റിലയൻസ് ജിയോ ഓഗസ്റ്റിൽ 32.4 ലക്ഷം വരിക്കാരെ ചേർത്തു. മൊത്തം വരിക്കാരുടെ എണ്ണം 44.57 കോടിയായതായി ടെലികോം റെഗുലേറ്റർ ട്രായ് പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നുവെന്ന് ജിയോ അധികൃതർ വ്യക്തമാക്കി.

കേരളത്തിൽ 1.06 ലക്ഷം പുതിയ ഉപയോക്താക്കളെ നേടിക്കൊണ്ട് ജിയോ വരിക്കാരുടെ എണ്ണം 104 . 59 ലക്ഷമായി ഉയർന്നു.

ഓഗസ്റ്റിൽ രാജ്യത്തെ മൊത്തം ബ്രോഡ്ബാൻഡ് വരിക്കാരുടെ എണ്ണം പ്രതിമാസം 0.96 ശതമാനം വളർച്ചയോടുകൂടി 87.6 കോടിയായായി ഉയർന്നു.

റിലയൻസ് ജിയോയ്ക്ക് 45.5 കോടി ബ്രോഡ്ബാൻഡ് വരിക്കാരുണ്ട് .ഇന്ത്യയുടെ മൊത്തം വയർലെസ് വരിക്കാരുടെ എണ്ണം ആഗസ്ത് വരെ 114.8 കോടിയായി വികസിച്ചു. നഗര, ഗ്രാമീണ വയർലെസ് സബ്സ്ക്രിപ്ഷന്റെ പ്രതിമാസ വളർച്ചാ നിരക്ക് യഥാക്രമം 0.13 ശതമാനവും 0.26 ശതമാനവുമാണ്.

0.56 ശതമാനം വളർച്ചയുടെ പിൻബലത്തിൽ ഓഗസ്റ്റ് അവസാനത്തോടെ വയർലൈൻ വരിക്കാരുടെ എണ്ണം 3 കോടിയായി ഉയർന്നു.

ഓഗസ്റ്റിൽ ജിയോ 1.78 ലക്ഷം വയർലൈൻ വരിക്കാരെ ചേർത്തുവെന്നും ജിയോ അധികൃതർ വ്യക്തമാക്കി.

# യൂസ്ഡ് കാർ വിൽപനയിൽ 88 ശതമാനം വളർച്ച കൈവരിച്ചതായി കാർസ്24 റിപ്പോർട്ട്

**കൊച്ചി:** കഴിഞ്ഞ ഉൽസവ സീസണിൽ (ഓണം ദീപാവലി) അഖിലേന്ത്യാ തലത്തിലെ യൂസ്ഡ് കാർ വിൽപനയിൽ 88 ശതമാനം വളർച്ച കൈവരിച്ചതായി ഇന്ത്യയിലെ മുൻനിര ഓട്ടോടെക്ക് കമ്പനിയായ കാർസ്24ൻറെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. രാജ്യവ്യാപകമായി 1760 കോടി രൂപയുടെ കാർ വിൽപനയാണ് ഉണ്ടായത്.കഴിഞ്ഞ വർഷത്തെ ഓണക്കാലത്തെ അപേക്ഷിച്ച് ഇത്തവണ വിൽപന ഇരട്ടിയാകുന്നതാണ് കൊച്ചിയിൽ കാണാനായത്. മുംബൈ, പൂനെ എന്നിവിടങ്ങളിൽ ഗണേഷ് ചതുർത്ഥിക്കാലത്ത് ഇരട്ടി വർധനവുണ്ടായി വാഗൺ ആർ, ഹോണ്ട സിറ്റി എന്നിവയായിരുന്നു മുന്നിൽ. അഹമ്മദാബാദ്, ഡൽഹി എന്നിവിടങ്ങളിൽ 67 ശതമാനം വർധനവാണുണ്ടായത്. ഗ്രാൻറ്ഐ10, ബലേനോ എന്നിവയായിരുന്നു ഇവിടെ കൂടുതൽ പ്രിയം.

ഉൽസവ കാലത്ത് ഓരോ ദിവസവും ശരാശരി 4.7 കോടി രൂപയുടെ വായ്പകളും ലഭ്യമാക്കിയിരുന്നു. കൂടുതൽ വായ്പാ അപേക്ഷകളും എത്തിയത് 35 വയസിൽ താഴെയുള്ള ശമ്പളക്കാരിൽ നിന്നായിരുന്നു. ഓരോ ദിവസവും 500ൽ ഏറെ വായ്പാ അപേക്ഷകളാണ് കാർസ്24 കൈകാര്യം ചെയ്തത്.



# വിൻ ഹീൽസിൻെറ പാദരക്ഷ ഗുണമേന്മ പരിശോധനാ ലാബ് പ്രവർത്തനമാരംഭിച്ചു

**കോഴിക്കോട്:** ഇന്ത്യൻ പാദരക്ഷ നിർമാണ മേഖലയിൽ ബിഐഎസ്? (ബ!്യൂറോ ഓഫ് ഇന്ത!്യൻ സ്റ്റാൻഡേർഡ്) നടപ്പിൽ വരുത്തുന്നതിൻറെ ഭാഗമായി കേരളത്തിലെ ആദ്യത്തെ പാദരക്ഷ ഗുണമേന്മ പരിശോധനാ ലാബ് വിൻ ഹീൽസിൻറെ നിർമാണ യൂണിറ്റിൽ പ്രവർത്തനമാരംഭിച്ചു.

ഓൾ കേരള ഫൂട്ട് വെയർ ഡീലേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് എ.എ. സലീം ഉദ്ഘാടനം ചെയ്തു.

കൂടുതൽ ഗുണമേന്മയുള്ള മെച്ചപ്പെട്ട ഉത്പന്നങ്ങൾ നൽകാൻ ഇതിലൂടെ സാധിക്കുമെന്നും പാദരക്ഷ നിർമാണവ്യവസായ മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുമെന്നും വിൻ ഹീൽസ് മാനേജിംഗ് ഡയറക്ടർ ബാബു മാളിയേക്കൽ പറഞ്ഞു. ഡയറക്ടർ സാൻജോ ബാബു, ഫാൽക്കൻ ഏജൻസീസ് ജിഎം ബിജു സക്കറിയ, ജോൺസൻ മാരുതി, ജോമോൻ, ലാബ് ടെക്നീഷൻ ശിഖ എന്നിവർ പ്രസംഗിച്ചു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663